(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി ഭവനുകളിൽ നാശനഷ്ടം സംബന്ധിച്ച് സ്ഥിതി വിവര കണക്കും നഷ്ടം തിട്ടപ്പെടുത്തിയ കണക്കും ലഭ്യമാണോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കൃഷി നഷ്ടപ്പെട്ട കർഷകർക്ക് സർക്കാർ സഹായധനം എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൃഷിനാശം സംബന്ധിച്ച സ്ഥിതിവിവര കണക്കും കർഷകർക്കുണ്ടായ നഷ്ടത്തിന്റെ കണക്കും അനുബന്ധമായി ചേർക്കുന്നു.*

(ഇ) കർഷകരുടെ നഷ്ടത്തിന്റെ കൃത്യമായ കണക്കുകൾ കൃഷി ഭവനുകൾ മുഖേന തയ്യാറാക്കിവരുന്നു. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. പ്രസ്തുത ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

അട്ടപ്പാടിയിൽ കൃഷി വകുപ്പ് ചെലവഴിച്ച തുക

184 (3160) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് അട്ടപ്പാടിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ആദിവാസികൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(സി) ഓരോ പദ്ധതിക്കും ഓരോ ഊരിലും ചെലവഴിച്ച തുക എത്രയെന്നും ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖാന്തിരം അട്ടപ്പാടിയിൽ 3,26,20,360 രൂപ ഇതുവരെ ചെലവഴിച്ചു.

(ബി) ആദിവാസികൾക്കായി 1,30,48,144 രൂപ വകുപ്പുതല പദ്ധതി ഇനത്തിലും 290.90043 ലക്ഷം രൂപ അട്ടപ്പാടി പ്രത്യേക ആദിവാസി കാർഷിക വികസന പദ്ധതിയിനത്തിലും ചെലവഴിച്ചു

(സി) അട്ടപ്പാടിയിലെ 186 ഊരിലെ 7895 കുടുംബങ്ങൾക്കാണ് പദ്ധതി മുഖേന ചെലവഴിച്ചിട്ടുള്ളത്.

കൃഷിഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി

185 (3161) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭൂമിയില്ലാത്ത എത്ര കർഷക തൊഴിലാളികൾ സംസ്ഥാനത്തുണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ ;

(ബി) കൃഷിഭൂമിയില്ലാത്ത കർഷകതൊഴിലാളികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 17,01,945 കർഷക തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ഇവരുടെ കൃഷിഭൂമി സംബന്ധിച്ച വിവരം പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) ഇത്തരത്തിലൊരു പദ്ധതി നിലവിൽ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

സോയിൽ ഹെൽത്ത് കാർഡ്

186 (3162) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly